**വിവരാവകാശം /അപ്പീൽ /മറുപടി**

നം. ഇ3/39097/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 16-2-2017
email Id: swdkerala@gmail.com
Ph: 0471-2306040

അപ്പീൽ അധികാരി
തിരുവനന്തപുരം

ശ്രീ. സുരേഷ് പോൾ പി.എസ്.
പോത്തടി, L.B.S ക്രോസ് റോഡ്
LBS RRA -16
AIMS പോണിക്കര - 682 041

സർ,

വിഷയം :സാമൂഹ്യനീതിവകുപ്പ് - ജീവനക്കാര്യം - വിവരാവകാശ നിയമം 2005 - അപ്പീൽ - മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :താങ്കളുടെ 09.01.2017 തീയതിയിലെ വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീൽ അപേക്ഷ

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ചിട്ടുള്ള അപ്പീൽ അപേക്ഷയ്ക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

**അപ്പീൽ മറുപടി**

2016 ഒക്ടോബർ മാസത്തിൽ ഈ കാര്യാലയത്തിൽ ലഭ്യമായിരുന്ന കണക്കിന്റെ അടിസ്ഥാനത്തിലാണ് 22.11.2016ൽ താങ്കൾക്ക് സൂപ്പർവൈസർ തസ്തികയിൽ ആകെ 202 ഒഴിവുകൾ ഉള്ളതായി മറുപടി നൽകിയിരുന്നത്. തുടർന്ന് നവംബർ 2016ൽ ജില്ലകളിൽ നിന്ന് ഒഴിവ് വിവരം ശേഖരിച്ച് പരിശോധിച്ചതിൽ 229 തസ്തികകൾ ഒഴിവുള്ളതായി കണ്ടെത്തിയിരുന്നു. നവംബർ 2016ൽ 43 നിയമന ശുപാർശകളും പി.എസ്.സിയിൽ നിന്ന് ലഭിച്ചു. എന്നാൽ നിയമന ഉത്തരവ് നൽകിയിരുന്നില്ല. താങ്കൾക്ക് മറുപടി നൽകിയ 29.12.2016ൽ നിയന ശുപാർശ ലഭിച്ച 43 എണ്ണം കുറച്ചാണ് ആകെ ഒഴിവുകൾ 186 എണ്ണം എന്ന് അറിയിച്ചിരിക്കുന്നത്. ഇത് പൂർണ്ണമായും ശരിയാണ്.

29.03.2012ലെ ഇ3/36386/15 നമ്പർ ഉത്തരവിൽ ജനറൽ വിഭാഗത്തിന് കുറവായി കണ്ടെത്തിയ 52 തസ്തികകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൂന്ന് വിഭാഗത്തിൽ കുറവായി കണ്ടെത്തിയ 40 തസ്തികകളും (രണ്ടാം വിഭാഗത്തിലും അധികമായി നിന്ന 5 തസ്തികകൾ ക്രമീകരിച്ചശേഷം) പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ഒഴിവുകൾ ജനറൽ വിഭാഗത്തിന് അർഹതപ്പെട്ടതല്ല. ആകെയുള്ള ഒഴിവുകൾ എന്നത് എല്ലാ വിഭാഗങ്ങളിലും കൂടി നിലനിൽക്കുന്ന ഒഴിവുകൾ ചേർത്താണ് നൽകുന്നതെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

**പ്രീത എസ്. നായർ**
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ &
അപ്പീൽ അധികാരി

SK/17

0/c